Editor **T.K. Ubaid** Executive Editor **P.A. Nazimudeen**
Sub Editor **Mehd Maqbool**
Layout & Graphics **Salim geeroad**
Technical Support **Fahis Ali** Cover **Shahad**
e-mail malarvadimag@gmail.com | **www.malarvadi.net**
Circulation 0495 2732555 Manager 0495 2730073
e-mail **managerprabodhanamclt@gmail.com**

# മലർവാടി
**കുട്ടികളുടെ ദ്വൈവാരിക**
2018 ഫെബ്രുവരി 16, പുസ്തകം 38, ലക്കം 08



## മലർമൊഴി

**അദ്ധ്വാനം കൂടാതെ മഹത്തായ ഒന്നും ആരും നേടിയിട്ടില്ല.**

എമേഴ്സൺ

നമ്മളിൽ എല്ലാവരിലും തന്നെ ഏതെങ്കിലും തരത്തിലുള്ള കഴിവുകൾ ഉറങ്ങിക്കിടപ്പുണ്ട്. പക്ഷേ ആ കഴിവുകൾകൊണ്ടു മാത്രം ഒരാൾക്ക് ജീവിതത്തിൽ ഉയർന്ന നിലയിൽ എത്തിച്ചേരാൻ കഴിയണമെന്നില്ല. എല്ലാ ജീവിത വിജയങ്ങൾക്കും ആവശ്യമായ ഒന്നാണ് നിരന്തരമായ അദ്ധ്വാനം. അതുകൊണ്ടാണ് 'അദ്ധ്വാനം കൂടാതെ മഹത്തായ ഒന്നും ആരും നേടിയിട്ടില്ല' എന്ന് പ്രസിദ്ധ അമേരിക്കൻ ചിന്തകനായ എമേഴ്സൺ പറഞ്ഞത്.

പ്രശസ്തരായ കലാകാരന്മാരെയും സാഹിത്യകാരന്മാരെയും വ്യവസായികളെയുമൊക്കെ നാം ടെലിവിഷനിലും പത്രത്താളുകളിലും കാണുന്നു. നമുക്ക് അവരോട് ആദരവ് തോന്നുന്നതോടൊപ്പം അവരുടെ സാമൂഹ്യ പദവികൾ നമ്മെ അത്ഭുതപ്പെടുത്തുകയും ചെയ്യുന്നു. പക്ഷേ ഓരോ വിജയത്തിനു പിന്നിലും കഠിനാദ്ധ്വാനത്തിന്റെയും വേദനയുടെയും കണ്ണീരിന്റെയും നീണ്ട കഥയുണ്ടെന്ന്



## തണുക്കുമ്പോൾ വികസിക്കുന്നു

കുപ്പിയിൽ നിറയെ വെള്ളമെടുത്ത് ഫ്രീസറിൽ വെച്ച് ഐസാക്കിയാൽ ആ കുപ്പി പൊട്ടിപ്പോകുന്നതായി കൂട്ടുകാർക്കറിയാമല്ലോ. സാധാരണയായി പദാർത്ഥങ്ങൾ തണുക്കുമ്പോൾ ചുരുങ്ങും. എന്നാൽ ജലം ഐസാകുമ്പോൾ വികസിക്കും. ജല തൻമാത്രകൾ പ്രത്യേക രീതിയിൽ ക്രമീകരിക്കപ്പെടുന്നതാണ് ഈ വികാസത്തിന് കാരണം.

നാം അപ്പോൾ അറിയാറില്ല.

തെരുവിൽ ജീവിച്ച വിശ്രുത ചലച്ചിത്രകാരനായ ചാർളിചാപ്ലിനും, തെരുവിൽ കളിച്ചു വളർന്ന ഫുട്ബോൾ ഇതിഹാസം പെലെയും നമ്മോട് പറയുന്നത് മറ്റൊന്നുമല്ല. അതുകൊണ്ടാണ് 'മഹാന്മാർ ഒരു സുപ്രഭാതത്തിൽ അങ്ങനെ ആയിത്തീർന്നവരല്ല' എന്ന് പറയുന്നത്. "അവരുടെ സഹയാത്രികർ ഉറങ്ങിക്കിടക്കുമ്പോൾ അവർ മഹത്വത്തിലേക്ക് ഇഴഞ്ഞു നീങ്ങുകയായിരുന്നു."

തോമസ് ആൽവാ എഡിസണിന്റെയും എബ്രഹാം ലിങ്കണിന്റെയുമൊക്കെ കഥ നിങ്ങൾ കേട്ടു കാണും. എഡിസൺ ഇലക്ട്രിക് ബൾബ് കണ്ടുപിടിക്കാൻ അയ്യായിരത്തോളം വസ്തുക്കൾ പരീക്ഷിച്ചു നോക്കി. തലമുടി നാരു മുതൽ അനേകം വസ്തുക്കൾ അതിൽ ഉൾപ്പെട്ടിരിക്കുന്നു.

ജോലിനഷ്ടപ്പെട്ടും തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടും പ്രഭാഷണങ്ങൾ ജനങ്ങൾ നിരസിച്ചതുമൊക്കെ നിരന്തരമായ പതനങ്ങളിൽ തളരാതെ കഠിനാധ്വാനം തുടർന്ന എബ്രഹാം ലിങ്കൺ ഒടുവിൽ തന്റെ അമ്പത്തി രണ്ടാം വയസ്സിൽ അമേരിക്കൻ പ്രസിഡന്റായി.

സ്വതന്ത്ര ഭാരതത്തിലെ ആദ്യ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു എല്ലാ ദിവസവും രാത്രി വൈകിയും കർമ്മനിരതനായിരുന്നു. രാഷ്ട്രപിതാവ് ഗാന്ധിജിയും ചുരുക്കം മണിക്കൂറേ ഉറങ്ങിയിരുന്നുള്ളൂ.

ജീവിതം എപ്പോഴും വെല്ലുവിളികൾ നിറഞ്ഞതാണ്. വിജയത്തോടൊപ്പം പരാജയവും അതിന്റെ ഭാഗമാണ്. പക്ഷേ നിരന്തരമായ പരിശ്രമവും നിശ്ചയദാർഢ്യവും നമ്മെ ലക്ഷ്യത്തിലേക്ക് എത്തിക്കുക തന്നെ ചെയ്യും.

നിങ്ങളിൽ പലർക്കും പാഠ്യവിഷയങ്ങളായ കണക്കും ഇംഗ്ലീഷും വിഷമകരമായി അനുഭവപ്പെട്ടേക്കും. അരിത്തമാറ്റിക്സിലെ ഫോർമുലകളും ഇംഗ്ലീഷ് സ്പെല്ലിംഗുകളും കാണാപ്പാഠം പഠിക്കുക ബാലി കേറാമലയായി തോന്നാം. പക്ഷേ, നിശ്ചയദാർഢ്യത്തോടെ നിരന്തരം പരിശ്രമിച്ചാൽ അതൊക്കെ ക്ഷിപ്രസാധ്യമാകും. അതാണ് പൂർണ്ണ സമർപ്പിതമായ അദ്ധ്വാനത്തിന്റെ മേന്മ എന്ന് നാം അറിയുക.

**പി. എ. എൻ**

ഇന്ത്യയുടെ ആദ്യ കൃത്രിമോപഗ്രഹം– ആര്യഭട്ട